രണം ചെയ്യേണ്ടിയിരുന്നുള്ളൂ. ആയത് 98-99 സാമ്പത്തികവർഷം വിതരണം ചെയ്യുകയും ചെയ്തു.

(ജി) തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ വിവരം ശേഖരിക്കാനുള്ള അടിയന്തിര നടപടി സ്വീകരിച്ചുകഴിഞ്ഞു. 1048 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 587 സ്ഥാപനങ്ങളിൽനിന്നും വിവരം ലഭിച്ചിട്ടുണ്ട്. വിവരം നൽകാത്ത ബാക്കി സ്ഥാപനങ്ങളിൽനിന്നും വിവരം ലഭ്യമാക്കാൻ വിവിധ തലങ്ങളിൽ നടപടി സ്വീകരിച്ചുകഴിഞ്ഞു.

(എച്ച്) മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവരം ലഭിച്ചാലുടൻ ഫണ്ട് കൈമാറുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഐ) ഇതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ് കൈക്കൊള്ളേണ്ടത്.

191 (2377) കാസർഗോഡ് ഗവൺമെന്റ് ഐ.റ്റി.ഐ.യിലെ കോഴ്സുകൾ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് ഐ.റ്റി.ഐ.യിൽ ഈ വർഷം ഏതെങ്കിലും കോഴ്സുകൾ നിർത്തൽ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണെന്നും കോഴ്സുകൾ നിർത്താൻ എന്തെങ്കിലും പ്രത്യേക കാരണം ഉണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച് ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്ന ഡ്രാഫ്റ്റ്സ്മാൻ ട്രേഡ് നിർത്തലാക്കിയത് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കാസർഗോഡ് ഗവൺമെന്റ് ഐ.റ്റി.ഐ.യിൽ നിലവിലുള്ള ഡ്രാഫ്റ്റ്സ്മാൻ-സിവിൽ ട്രേഡിന്റെ രണ്ട് യൂണിറ്റിൽ ഒന്ന് കുറവ് ചെയ്ത് പകരം സർവെയർ ട്രേഡിന്റെ ഒരു യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. മൊത്തം യൂണിറ്റുകളിൽ കുറവൊന്നും വരുത്തിയിട്ടില്ല. ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിനെ അപേക്ഷിച്ച് വളരെയേറെ തൊഴിൽ സാദ്ധ്യതയുള്ളതും വളരെക്കുറച്ച് മാത്രം യൂണിറ്റുകൾ ഉള്ളതും പിന്നോക്കജില്ലയായ കാസർഗോഡിന് തൊഴിൽപരമായി വളരെ പ്രയോജനമുള്ളതുമാണെന്ന കാര്യം കണക്കിലെടുത്തുമാണ് ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടത്.

(സി) ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിലെ ജോലി സാദ്ധ്യതയില്ലാത്ത ഒരു യൂണിറ്റേ കുറവു ചെയ്തിട്ടുള്ളൂ. കാസർഗോഡ് ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം പണി പൂർത്തിയാകുന്നതോടെ തൊഴിൽ സാദ്ധ്യതയുള്ള കൂടുതൽ ട്രേഡുകൾ തുടങ്ങുന്നകാര്യം പരിശോധിക്കുന്നതാണ്.

192 (2378) ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികളിലേക്ക് പാർട്ട് ടൈം നിയമനം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :

LIBRARY ARCHIVES Kerala Legislative Assembly